**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2981** **14-02-2024 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷൻ നൽകുന്ന സ്റ്റാർട്ട് അപ്പ് ലോണുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷൻ വ്യക്തികൾക്കോ സ്ഥാപങ്ങൾക്കോ സ്റ്റാർട്ട് അപ്പ് ലോണുകൾ നൽകുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | കേരളത്തിലെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ട പ്രൊഫഷണൽ യോഗ്യത നേടിയ 40 വയസിന് താഴെ പ്രായമുള്ളവർക്ക് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ 2017-2018 സാമ്പത്തിക വർഷം മുതൽ സ്റ്റാർട്ട് അപ്പ് വായ്പ പദ്ധതി (പരമാവധി 20 ലക്ഷം രൂപ) നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതിയ്ക്ക്, വായ്പ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നും സബ്സിഡി നൽകുന്നുണ്ട്. |
| (ബി) | 2016 ജനുവരി മുതൽ 2023 ഡിസംബർ വരെ എത്ര പേർക്ക് പ്രസ്തുത ലോൺ നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | 2017-18 മുതൽ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ അനുവദിച്ച സ്റ്റാർട്ട്അപ്പ് വായ്പ പദ്ധതിയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | 2023 നു ശേഷം നാളിതു വരെ എത്ര പേർക്ക് പ്രസ്തുത ലോൺ നൽകിയിട്ടുണ്ട്; വിശദമാക്കാമോ? | (സി) | 2023 -ന് ശേഷം നാളിതുവരെ 9 പേർക്ക് പ്രസ്തുത ലോൺ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 1

## 2017-18 മുതൽ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ അനുവദിച്ച സ്റ്റാർട്ട് അപ്പ് വായ്പാ പദ്ധതിയുടെ ജില്ല തിരിച്ചുള്ള കണക്ക്

| ജില്ല | അപേക്ഷകരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 12 |
| കൊല്ലം | 8 |
| ആലപ്പുഴ | 14 |
| പത്തനംതിട്ട | 3 |
| കോട്ടയം | 5 |
| ഇടുക്കി | 4 |
| എറണാകുളം | 13 |
| തൃശ്ശൂർ | 6 |
| പാലക്കാട് | 7 |
| മലപ്പുറം | 28 |
| വയനാട് | 3 |
| കോഴിക്കോട് | 16 |
| കണ്ണൂർ | 20 |
| കാസറഗോഡ് | 12 |
| | ആകെ : 151 |

# അനുബന്ധം - 2

## 2023 ജനുവരി മുതൽ നാളിതുവരെ അനുവദിച്ച സ്റ്റാർട്ട് അപ്പ് വായ്പകളുടെ വിശദാംശം

| ജില്ല | അപേക്ഷകരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 1 |
| കൊല്ലം | 2 |
| ഇടുക്കി | 1 |
| തൃശ്ശൂർ | 3 |
| പാലക്കാട് | 1 |
| കോഴിക്കോട് | 1 |
| ആകെ : 9 | |